⇨ ആദ്യ ലേഖനം 1977ൽ ഇൻസൈഡ്-ഔട്ട്സൈഡ് എന്ന മാസികയിൽ പ്രസിദ്ധീകരിച്ചു ⇨

# അധിനിവേശത്തോടുള്ള ഈ അഭിനിവേശം അസംബന്ധമാണ്

പരിസ്ഥിതി പ്രവർത്തകനും, എഴുത്തുകാരനും ഗോവാ ഫൗണ്ടേഷന്റെ ഡയറക്ടറുമാണ് ക്ലോഡ് അൽവാരിസ്. ഇന്ത്യയുടെ ആയിരക്കണക്കിന് പരമ്പരാഗത നെൽവിത്തിനങ്ങൾ ഫിലിപ്പൈൻസിലെ അന്താരാഷ്ട്ര നെല്ലുഗവേഷണ കേന്ദ്രത്തിലേക്ക് കടത്തിയതിന് പിന്നിലെ ഡോ. എം.എസ്. സ്വാമിനാഥന്റെ പങ്ക് പുറത്തുകൊണ്ടുവന്ന ക്ലോഡ് ഇന്നും അതേ ജാഗ്രതയോടെ പ്രവർത്തനങ്ങൾ തുടരുകയാണ്. പരിസ്ഥിതി രംഗത്ത് നടത്തിയ ബഹുവിധ ഇടപെടലുകളുടെ ചരിത്രം വർത്തമാനവും അദ്ദേഹം സംസാരിക്കുന്നു.

**ക്ലോഡ് അൽവാരിസ് / ഡോ. ടി.വി. സജീവ്**

**ഡോ. ടി.വി. സജീവ്: ക്ലോഡ് അൽവാരിസ് എന്ന നിലപാടിന്റെ തുടക്കം എങ്ങനെയായിരുന്നു? പരിസ്ഥിതി പ്രവർത്തനം മുഖ്യമേഖലയായി തെരഞ്ഞെടുത്തത് എന്തുകൊണ്ടാണ്?**

പത്രപ്രവർത്തനത്തിലൂടെയാണ് ഞാൻ പരിസ്ഥിതി പ്രവർത്തനത്തിലേക്ക് പ്രവേശിക്കുന്നത്. നെതർലാന്റ്സിൽ നിന്നും ഗവേഷണം പൂർത്തിയാക്കി 1976ൽ ഇന്ത്യയിൽ മടങ്ങിയെത്തിയ ഞാൻ ഫ്രീലാൻസ് ജേർണലിസത്തിലാണ് തുടർന്ന് ശ്രദ്ധ കേന്ദ്രീകരിച്ചത്. പാരിസ്ഥിതിക വിഷയങ്ങളെക്കുറിച്ച് എഴുതാനായിരുന്നു താത്പര്യം. അങ്ങനെ ആദ്യ ലേഖനം 1977ൽ ഇൻസൈഡ്-ഔട്ട്സൈഡ് എന്ന മാസികയിൽ പ്രസിദ്ധീകരിച്ചു. അതേസമയം തന്നെയാണ് കൃഷിയിൽ ആകൃഷ്ടനാകുന്നതും ജൈവകൃഷി ചെയ്യാനാരംഭിക്കുന്നതും. എഴുത്തിലൂടെ മാത്രം ജീവിതം മുന്നോട്ട് പോകാതെ വന്നതും കൃഷിയിലേക്ക് തിരിയുന്നതിന് കാരണമായി. കൃഷിയിൽ മുഴുകിയതോടെ എഴുത്തിൽ ഒരിടവേള വന്നു. പിന്നീട് 1983ലാണ് വീണ്ടും എഴുത്തിലേക്ക് പ്രവേശിക്കുന്നത്. ഇല്ലസ്ട്രേറ്റഡ് വീക്കിലിയിൽ വന്ന എം.എസ്. സ്വാമിനാഥന്റെ വിത്തുകൊള്ളയെക്കുറിച്ചുള്ള ലേഖനത്തിലൂടെയായിരുന്നു പുനഃപ്രവേശനം. ഫിലിപ്പൈൻസിലെ ഇന്റർനാഷണൽ റൈസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് ഇന്ത്യയിലെ പരമ്പരാഗത നെൽവിത്തിനങ്ങൾ കടത്തിയതിനെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ അടങ്ങുന്ന 'ദ ഗ്രേറ്റ് ജീൻ റോബറി' എന്ന ആ ലേഖനം മൂന്ന് വർഷത്തോളം നീണ്ട തയ്യാറെടുപ്പുകൾക്ക് ശേഷമാണ് 1986ൽ ഇല്ലസ്ട്രേറ്റഡ് വീക്കിലിയുടെ കവർ സ്റ്റോറിയായി എത്തുന്നത്. വിവാദാസ്പദമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് താത്പര്യമുള്ള എഡിറ്ററായിരുന്നു, പ്രതീഷ് നന്ദി അന്ന് ഇല്ലസ്ട്രേറ്റഡ് വീക്കിലിയിൽ ഉണ്ടായിരുന്നത് എന്നതും എനിക്ക് സഹായകമായി.

പരിസ്ഥിതി വിഷയങ്ങളെ കേന്ദ്രീകരിക്കുന്നതിനേക്കാൾ ശാസ്ത്ര-സാങ്കേതികവിദ്യ സമൂഹത്തിന് മേൽ സൃഷ്ടിക്കുന്ന പ്രതിഫലനങ്ങളെക്കുറിച്ച് എഴുതാനാണ് ഞാൻ ഏറെയും ശ്രമിച്ചിരുന്നത്. സമയമെടുത്ത് ഗവേഷണം നടത്തിയ ശേഷം മാത്രമെ എഴുതാറുണ്ടായിരുന്നുള്ളൂ. ഗ്രേറ്റ് ജീൻ റോബറി പ്രസിദ്ധീകരിക്കുന്ന സമയത്തുതന്നെയാണ് 1986ൽ ഗോവാ ഫൗണ്ടേഷനും തുടങ്ങുന്നത്. പരിസ്ഥിതി പ്രവർത്തനങ്ങളിലും അതോടെ സജീവമായി. അദർ ഇന്ത്യ ബുക്സ് എന്ന പുസ്തക പ്രസാധന-വിതരണ ശൃംഖല ആരംഭിക്കു





ഗോവയിലെ ഇരുമ്പ് ഖനികളിൽ നിന്നും മടങ്ങുന്ന ലോറികൾ.

ന്നതും ആ സമയത്താണ്. പരിസ്ഥിതി പ്രവർത്തനത്തിന്റെ ഒരു തുടർച്ചയായാണ് പുസ്തക പ്രസാധനത്തെയും വിതരണത്തെയും ഞങ്ങൾ കണ്ടത്. അറിവിന്റെ രംഗത്തുള്ള പടിഞ്ഞാറിന്റെ ആധിപത്യത്തെ ഒഴിവാക്കുക എന്നതും ലക്ഷ്യമാക്കിയിരുന്നു. അതിനായി മൂന്നാം ലോക രാജ്യങ്ങളിൽ നിന്നുള്ള പടിഞ്ഞാറിന്റെ അധിനിവേശത്തെ പ്രതിരോധിക്കുന്ന പുസ്തകങ്ങളാണ് ഞങ്ങൾ ഏറെയും വിതരണം ചെയ്തിരുന്നത്. ഇന്ന് അത്തരത്തിലുള്ള ഏത് പുസ്തകവും ഇന്ത്യയിൽ ലഭ്യമാക്കുന്നതിനുള്ള വിപുലമായ ഒരു സംവിധാനം ഞങ്ങൾക്കുണ്ട്. 1990 മുതൽ പരിസ്ഥിതി വിഷയങ്ങളിൽ സ്വതന്ത്രമായി പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നുമുണ്ട്.

**1986 ലാണല്ലോ ഗോവാ ഫൗണ്ടേഷൻ പ്രവർത്തനമാരംഭിക്കുന്നത്. എന്തായിരുന്നു പ്രവർത്തനോദ്ദേശം? എന്തെല്ലാം വിഷയങ്ങളിൽ ഇടപെട്ടുകൊണ്ടായിരുന്നു പരിസ്ഥിതി സംരക്ഷണ രംഗത്തേക്ക് പ്രവേശിക്കുന്നത്?**

സമാനമനസ്കരായ ആക്ടിവിസ്റ്റുകളുടെ ഒരു കൂട്ടായ്മയായാണ് ഗോവാ ഫൗണ്ടേഷൻ പ്രവർത്തനമാരംഭിക്കുന്നത്. ആദ്യം ഫൗണ്ടേഷൻ രൂപീകരിച്ച ശേഷം പിന്നീട് പുതിയ വിഷയങ്ങളിൽ ഇടപെടുകയായിരുന്നില്ല ഞങ്ങൾ. അപ്പോൾത്തന്നെ വിവിധങ്ങളായി പാരിസ്ഥിതിക വിഷയങ്ങളിൽ ഉൾപ്പെട്ടിരുന്നവരാണ് കൂട്ടായ്മയിൽ എത്തിച്ചേർന്നത്. ആ പ്രവർത്തനങ്ങൾ തുടരുക മാത്രമാണ് ഗോവാ ഫൗണ്ടേഷൻ ചെയ്തത്. സുവാരി അഗ്രോ ഇൻഡസ്ട്രീസിന്റെ രാസവള നിർമ്മാണ ഫാക്ടറിയുടെ മലിനീകരണത്തിനെതിരെയും ഗോവൻ തീരങ്ങളിൽ വ്യാപകമായി നടന്നിരുന്ന അനധികൃത സിലിക്ക മൈനിംഗിനെതിരെയുമായിരുന്നു ആദ്യകാല പോരാട്ടങ്ങൾ. ഇന്നുള്ളത്രയും രൂക്ഷമായ ഖനനം അന്ന് തുടങ്ങിയിരുന്നില്ല. ഇരുമ്പും ബോക്സൈറ്റുമാണ് മുഖ്യമായും ഗോവയിൽ നിന്നും ഖനനം ചെയ്യുന്നത്. ഇവ നൂറ് ശതമാനവും കയറ്റി അയയ്ക്കപ്പെടുകയാണ്. എൺപതുകളിലും തൊണ്ണൂറുകളിലുമെല്ലാം ഇത് വളരെ ചെറിയ ശതമാനം മാത്രമായിരുന്നു. എന്നാൽ 2004ൽ ചൈന കമ്പനികൾ ഗോവൻ ഖനികളിൽ കണ്ണുവച്ചതോടെ സ്ഥിതിഗതികൾ മാറിമറിഞ്ഞു. അതോടെ ഖനനവും കയറ്റുമതിയും ഇരട്ടിയുടെ ഇരട്ടിയായി മാറി. ഗോവയുടെ പരിസ്ഥിതി പൂർണ്ണമായും തകിടം മറിഞ്ഞു. ഗോവാ ഫൗണ്ടേഷൻ പ്രവർത്തനം തുടങ്ങുന്ന കാലത്ത് ഖനനം അത്രവലിയ പ്രശ്നമായി ഉയർന്നുവന്നിട്ടില്ലാത്തതിനാൽ മറ്റ് വിഷയങ്ങൾക്കാണ് ഞങ്ങൾ ഊന്നൽ നൽകിയിരുന്നത്. അതിൽ ഏറ്റവും മുഖ്യം ടൂറിസം കൈയ്യേറ്റങ്ങളായിരുന്നു. ഗോവാ ഫൗണ്ടേഷൻ സജീവമായ സമയത്ത് തന്നെയാണ് ടൂറിസത്തിന്റെ പേരിലുള്ള



ഗോവയിലെ ഖനനത്തെക്കുറിച്ച് ഗോവാ ഫൗണ്ടേഷൻ പ്രസിദ്ധീകരിച്ച പുസ്തകം - ഗോവ ദ സ്വീറ്റ് ലാൻഡ് ഓഫ് മൈൻ

അധിനിവേശം ഗോവൻ തീരങ്ങളിൽ ആഞ്ഞുവീശുന്നത്. അതിനെ ചെറുക്കുക എന്നതായിരുന്നു അന്ന് ഞങ്ങളുടെ പ്രധാന പരിപാടി. ചാർട്ടേഡ് ടൂറിസം എന്ന വികലമായ സങ്കൽപ്പം വിപണിയിലെത്തിയ കാലം കൂടിയായിരുന്നു അത്. അതോടെ വിദേശികൾ വ്യാപകമായി ഗോവൻ തീരത്തേക്ക് എത്താൻ തുടങ്ങി. വിദേശികൾ വന്നിറങ്ങുന്ന എയർപോർട്ടിലേക്ക് വരെ ഞങ്ങൾ പ്രതിഷേധമറിയിച്ച് പോയിട്ടുണ്ട്.

**ടൂറിസത്തിനെതിരായി ഉയർത്തിയ ആരോപണങ്ങൾ എന്തെല്ലാമായിരുന്നു? അത്തരമൊരു പ്രതിഷേധത്തിന് ജനപിന്തുണ ലഭിച്ചത് എങ്ങനെയാണ്?**

തീരങ്ങളിൽ ഹോട്ടലുകൾ പണിയാൻ പാടില്ല എന്നതുതന്നെയായിരുന്നു ഞങ്ങളുടെ മുഖ്യനിലപാട്. ടൂറിസം വ്യാപകമായിത്തുടങ്ങിയതോടെ പരമ്പരാഗത മത്സ്യബന്ധന തീരങ്ങളെല്ലാം വലിയ റിസോർട്ടുകൾ കൈവശത്താക്കി. തീരപരിസ്ഥിതിയെ തീർത്തും അവഗണിച്ചുകൊണ്ടുള്ള കെട്ടിട നിർമ്മാണം കടലോരങ്ങളെ നശിപ്പിച്ചു. മ്ലേച്ഛമായ ടൂറിസം പരിപാടികളിലൂടെ ഗോവൻ ജനതയുടെ സംസ്കാരത്തിന് മേൽ വൈദേശീകാധിപത്യം നിലയുറപ്പിക്കാൻ തുടങ്ങി. ഗോവ വളരെ ചെറിയ സ്ഥലമായതിനാൽ ഞങ്ങൾക്ക് കാമ്പയിനിന്റെ ഭാഗമായി എല്ലായിടത്തും എത്താൻ കഴിഞ്ഞു. ടൂറിസം വലിയ തൊഴിൽ സാധ്യതയാണെന്നതിനാൽ അതിനെ പിന്തുണയ്ക്കണമെന്ന് പറയുന്നവരും ഗോവയിൽ ഏറെയുണ്ടായിരുന്നു. നോർത്ത് ഗോവയിലുള്ള, പരമ്പരാഗത തൊഴിലുകളിൽ തുടരാൻ ആഗ്രഹിക്കാത്തവരാണ് ടൂറിസത്തെ പ്രധാനമായും പിന്തുണച്ചത്. അതേസമയം സൗത്ത് ഗോവയിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഞങ്ങളുടെ പ്രക്ഷോഭത്തിന് ആൾബലമായി. കടലാമകൾ മുട്ടയിടുന്ന തീരങ്ങളാണ് തെക്കൻ ഗോവയിലുള്ളത്. ടൂറിസം റിസോർട്ടുകൾ തീരം കയ്യേറിയാൽ അതെല്ലാം നഷ്ടമാകുമെന്നും തങ്ങൾ ജീവിക്കുന്ന പരിസ്ഥിതി തകരുമെന്നും മത്സ്യത്തൊഴിലാളികൾ തിരിച്ചറിഞ്ഞിരുന്നു. അവരുടെ പരമ്പരാഗ ജീവിതമാർഗ്ഗത്തെ പിന്തുണയ്ക്കുന്ന ഒന്നും തന്നെ ടൂറിസത്തിന് നൽകാനാകില്ലെന്നും ചുരുങ്ങിയ കാലത്തെ അനുഭവത്തിൽ നിന്നുപോലും അവർക്ക് ബോധ്യമായിരുന്നു. മത്സ്യബന്ധനം ഉപേക്ഷിച്ച് ടൂറിസം വ്യവസായത്തിന്റെ ഭാഗമാകാൻ തീരുമാനിച്ചവരല്ല അവർ. അങ്ങനെ തീരത്ത് പണിതുയർത്തിയ പഞ്ചനക്ഷത്ര ഹോട്ടലുകൾക്കെതിരെ പ്രതിഷേധം തുടങ്ങി.

ഗോവാ ഫൗണ്ടേഷൻ കൊടുത്ത ആദ്യ കേസ് താജ് ഹോളീഡേസ് എന്ന ഹോട്ടലിന്റെ തീരം കയ്യേറ്റത്തിനെതിരെയായിരുന്നു. ആദ്യം കയ്യേറ്റമായിരുന്നു പ്രശ്നം. പിന്നീട് മയക്കുമരുന്ന് മാഫിയയും സെക്സ് ടൂറിസവുമെല്ലാം ഗോവൻ തീരങ്ങളിൽ സജീവമായി. ഇന്ന് സ്ഥിതി ദയനീയമാണ്. മത്സ്യത്തൊഴിലാളികൾ തീരങ്ങളിൽ നിന്നും പിന്തള്ളപ്പെടുകയും അവിടെയെല്ലാം റിസോർട്ടുകൾ മാത്രമായിത്തീരുകയും ചെയ്തു. ഇക്കാലത്തിനിടയിൽ പല കയ്യേറ്റങ്ങളും ഞങ്ങൾക്ക് തടയാൻ കഴിഞ്ഞിട്ടുണ്ട്. 2006ൽ വളരെ നിർണ്ണായകമായ ഒരു വിധി സുപ്രീംകോടതിയിൽ നിന്നും ഞങ്ങൾക്ക് നേടിയെടുക്കാൻ കഴിഞ്ഞു. തീരപരിസ്ഥിതിയെക്കുറിച്ച് വിശദമായ പഠനം നടത്താതെ ഇനി ഹോട്ടലുകൾ അനുവദിക്കരുതെന്ന് കോടതി പറഞ്ഞു. ആ വിധിക്ക് ശേഷം പുതിയ ഹോട്ടലുകളൊന്നും ഗോവൻ തീരത്ത് വന്നിട്ടില്ല.

**നിയമപോരാട്ടം എന്ന സാധ്യതയെ പരിസ്ഥിതി പ്രവർത്തനത്തിൽ സന്നിവേശിപ്പിച്ചതിൽ ഗോവാ ഫൗണ്ടേഷന് നിർണ്ണായക സ്ഥാനമുണ്ട്. ഒട്ടേറെ വിജയകഥകൾ. ജുഡീഷ്യൽ ആക്ടിവിസം എന്ന മേഖലയിലേക്ക് കൂടി പ്രവേശിക്കുന്നത് എങ്ങനെയാണ്?**

1987 മുതൽ പരിസ്ഥിതി വിഷയങ്ങളിൽ

ഞാൻ കോടതിയിലും പോരാട്ടം നടത്തുന്നുണ്ട്. ആദ്യകാലങ്ങളിൽ ഞാൻ തന്നെ നേരിട്ടാണ് കേസ് നടത്തിയിരുന്നത്. വക്കീലിന്റെ സഹായം അപൂർവ്വമായി മാത്രമെ തേടിയിരുന്നുള്ളൂ. സാമ്പത്തിക പ്രശ്നമായിരുന്നു പ്രധാന കാരണം. മുംബൈയിൽ അഭിഭാഷകയായിരുന്ന ഇന്ദിര ജെയ്സിംഗ് ചിലപ്പോൾ സഹായിച്ചിരുന്നു. എന്റെ ഭാര്യ നോർമാ നിയമ ബിരുദമെടുക്കുകയും വക്കീൽപ്പണി തുടങ്ങുകയും ചെയ്തതോടെ അവർ എന്നെ സഹായിക്കാൻ തുടങ്ങി. കോടതിയിൽ നിന്നും അനുകൂല വിധികളൊന്നും ആദ്യകാലങ്ങളിലുണ്ടായില്ല. പരിസ്ഥിതി വിഷയങ്ങൾക്ക് ഇന്നുള്ളത്രയും പരിഗണന അന്ന് ലഭിച്ചിരുന്നില്ല എന്നതും അതിന് കാരണമാണ്.

1990ൽ ആണ് സുപ്രീം കോടതിയിൽ നിന്നും അനുകൂലമായ ഒരു വിധിയുണ്ടാകുന്നത്. റമ്ദ ഹോട്ടൽ ഗ്രൂപ്പിന്റെ തീരം കയ്യേറ്റത്തിനെതിരെ കൊടുത്ത കേസായിരുന്നു അത്. കടൽത്തീരത്തിന്റെ 200 മീറ്റർ പരിധിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പാടില്ല എന്നായിരുന്നു സുപ്രീം കോടതിയുടെ വിധി പ്രസ്താവം. ഒമ്പത് മീറ്ററിൽ കൂടുതൽ ഉയരമുള്ള കെട്ടിടങ്ങൾ തീരത്ത് പാടില്ലെന്നും പറഞ്ഞു. 1991ലാണ് സി.ആർ.ഇസഡ് നിയമം ഇന്ത്യയിൽ പ്രാബല്യത്തിൽ വരുന്നത്. സുപ്രീം കോടതി വിധിയിൽ പറഞ്ഞിരുന്ന ഇതേ മാനദണ്ഡങ്ങൾ തന്നെയാണ് സി.ആർ. ഇസഡ് നിയമവും പിന്തുടർന്നത്. അന്ന് പരിസ്ഥിതി മന്ത്രിയായിരുന്ന മേനാകാ ഗാന്ധി ഞങ്ങളുമായി കൺസൾട്ടേഷൻ നടത്തിയിട്ടാണ് സി.ആർ. ഇസഡ് നോട്ടിഫിക്കേഷൻ അന്തിമമാക്കിയത്. ജുഡീഷ്യൽ ആക്ടിവിസം നയപരമായ കാര്യങ്ങളിൽ ഇടപെടുന്നതിനുള്ള അത്തരം വിപുലമായ സാധ്യതകൾ ഞങ്ങൾക്ക് മുന്നിൽ തുറന്നുതന്നു.

കോടതിയിൽ ഞങ്ങൾ തുടരുന്ന നിയമപോരാട്ടം നയപരമായ മാറ്റങ്ങളിലേക്ക് കൂടി വിരൽ ചൂണ്ടുന്നതിനാലാകം പലപ്പോഴും പോളിസി ലെവൽ കമ്മിറ്റികളിൽ ഞാനും ഉൾച്ചേർക്കപ്പെട്ടത്. നയപരമായ തീരുമാനങ്ങളിൽ ഇടം ലഭിക്കുന്നത് ആക്ടിവിസ്റ്റുകളെ സംബന്ധിച്ച് പ്രധാന കാര്യമാണ്.

**നയപരമായ ഇടപെടലുകളെക്കുറിച്ച് സൂചിപ്പിച്ചല്ലോ. സർക്കാർ നയങ്ങൾക്കെതിരെ തുടർച്ചയായി സമരത്തിൽ ഏർപ്പെടുമ്പോഴും നയപരമായ തീരുമാനങ്ങളെടുക്കുന്ന സർക്കാർ കമ്മിറ്റികളിൽ പലപ്പോഴും താങ്കൾക്ക് അംഗമാകാൻ കഴിഞ്ഞിട്ടുണ്ട്. അതെങ്ങനെയാണ് സാധിച്ചിരുന്നത്? കമ്മിറ്റിയിൽ ഉൾപ്പെട്ടതുകൊണ്ട് ഫലപ്രദമായി എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ?**

സർക്കാർ കമ്മിറ്റികളിലെ എന്റെ അംഗത്വമെന്നത് സ്വാഭാവികമായി സംഭവിച്ച കാര്യം മാത്രമാണ്. ബോധപൂർവ്വമായ ഒരു ശ്രമവും അക്കാര്യത്തിൽ എന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. കോടതിയിൽ ഞങ്ങൾ തുടരുന്ന നിയമപോരാട്ടം നയപരമായ മാറ്റങ്ങളിലേക്ക് കൂടി വിരൽചൂണ്ടുന്നതിനാലാകം പലപ്പോഴും പോളിസി ലെവൽ കമ്മിറ്റികളിൽ ഞാനും ഉൾച്ചേർക്കപ്പെട്ടത്. നയപരമായ തീരുമാനങ്ങളിൽ ഇടം ലഭിക്കുന്നത് ആക്ടിവിസ്റ്റുകളെ സംബന്ധിച്ച് പ്രധാന കാര്യമാണ്. സുരേഷ് പ്രഭു കേന്ദ്ര വനം പരിസ്ഥിതി മന്ത്രിയായിരുന്ന സമയത്താണ് ഞാൻ പ്രണാബ്സെൻ കമ്മിറ്റിയിൽ അംഗമാക്കപ്പെടുന്നത്. 1986ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പരിസ്ഥിതി ദുർബല പ്രദേശം (ഇ.എസ്.എ) എന്ന സങ്കൽപ്പത്തെ കൂടുതൽ വികസിപ്പിക്കുന്നതിനും അതിനായി കൃത്യമായ മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്നതിനുമായി രൂപീകരിക്കപ്പെട്ട കമ്മിറ്റിയാണ് പ്രണാബ് സെൻ കമ്മിറ്റി. ആ കമ്മിറ്റി നിർദ്ദേശിച്ച ഇ.എസ്.എ മാനദണ്ഡങ്ങളെ മാതൃകയായെടുത്താണ് ഗാഡ്ഗിൽ കമ്മിറ്റി ഇ.എസ്.എ എന്ന സങ്കൽപ്പത്തെ വികസിപ്പിച്ചിരിക്കുന്നത്. ഒമ്പതംഗ കമ്മിറ്റിയായിരുന്നു അത്. ഞാൻ എല്ലാ കൂടിയിരിക്കലുകളിലും പങ്കെടുത്തിരുന്നു.

അപകടകരമായ മാലിന്യങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി സുപ്രീം കോടതി നിയോഗിച്ച മോണിറ്ററിംഗ് കമ്മിറ്റിയിൽ ഞാൻ എത്തുന്നത് മറ്റൊരുരീതിയിലാണ്. അപകരടകരമായ മാലിന്യങ്ങൾക്കെതിരെ സുപ്രീം കോടതിയിൽ നടന്ന ഒരു കേസിലെ ഹർജ്ജിക്കാരൻ തന്നെ ആവശ്യപ്പെട്ട പ്രകാരമാണ് കോടതി എന്നെ കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നത്. 2003 ൽ രൂപീകൃതമായ ആ കമ്മിറ്റി ഇന്ത്യയിലെമ്പാടുമുള്ള മാരകമായ മലിനീകരണത്തിന്റെ വിഷയങ്ങൾ നേരിൽക്കണ്ട് മനസ്സിലാക്കി. ഏഴ് വർഷമെടുത്ത് വളരെ വിശദമായി പഠിച്ച ശേഷമാണ് ഞങ്ങൾ റിപ്പോർട്ട് കൊടുത്തത്. അംഗങ്ങളെല്ലാം വളരെ ആത്മാർത്ഥമായി പ്രവർത്തിച്ചു. ഇന്ത്യയുടെ മിക്ക ഭാഗങ്ങളിലും വ്യവസായ യൂണിറ്റുകൾ പുഴയേ

യും ഭൂഗർഭജലത്തേയും മലിനീകരിക്കുന്നതായി കമ്മിറ്റി കണ്ടെത്തി. കേരളത്തിൽ ഏലൂർ വ്യവസായ കേന്ദ്രത്തിലും പ്ലാച്ചിമടയിലുമെല്ലാം കമ്മിറ്റി സന്ദർശിക്കുകയും മലിനീകരണ നിയന്ത്രണ ബോർഡിനോട് നടപടികൾ ആവശ്യപ്പെടുകയും ചെയ്ത കാര്യം നിങ്ങൾ ഓർക്കുന്നുണ്ടാകുമല്ലോ. ആപത്കരമായ മലിനീകരണത്തെക്കുറിച്ചുള്ള നിരവധി പുതിയ വിവരങ്ങൾ പൊതുസമൂഹത്തിന് മുന്നിലെത്തിക്കാൻ  മോണിറ്ററിംഗ് കമ്മിറ്റിക്ക് കഴിഞ്ഞു. പല കാര്യത്തിലും കോടതിയുടെ ഭാഗത്ത് നിന്നും നടപടികളുമുണ്ടായി. ഭോ

ളരെക്കാലം മുമ്പേ ചിന്തിച്ചു തുടങ്ങിയിരുന്നു. വിദ്യാഭ്യാസ സമ്പ്രദായത്തിലാണ് മുഖ്യമായും അധിനിവേശ രാജ്യത്തിന്റെ സാംസ്കാരിക ശീലങ്ങൾ ആഴ്ന്നിറങ്ങിയിരുന്നത്. മൂന്നാംലോക രാജ്യങ്ങളിലെല്ലാം ഇത് നിങ്ങൾക്ക് കാണാൻ കഴിയും. ഇന്ത്യയിൽ നിലനിന്നിരുന്ന തനത് പാരമ്പര്യത്തെ പിന്തുടരുന്ന ഒരു വിദ്യാഭ്യാസ രീതി എവിടെയും നമുക്ക് കാണാൻ കഴിയില്ല. ഇന്ത്യൻ യൂണിവേഴ്സിറ്റികളുടെ പ്രവർത്തനരീതി പരിശോധിച്ചാൽ പടിഞ്ഞാറിനെ പകർത്തിവയ്ക്കാനുള്ള ഒരു ശ്രമമാണ് അത് നടത്തുന്നതെന്ന് മ



ഇരുമ്പയിര് കൊണ്ടുപോകുന്നതിനായി ഗേവൻ തീരത്ത് നങ്കൂരമിട്ടിരിക്കുന്ന കപ്പലുകൾ

പ്പാലിലെ യൂണിയൻ കാർബൈഡ് പ്ലാന്റിൽ അവശേഷിക്കുന്ന രാസമാലിന്യങ്ങൾ മണ്ണിലേക്ക് ഒലിച്ചിറങ്ങി ഭൂഗർഭജലത്തെ മലിനീകരിക്കുന്ന വിഷയത്തിൽ കോടതി അടിയന്തിരമായി ഇടപെട്ടത് അതിന് ഒരു ഉദാഹരണമാണ്. കാൺപൂരിലെ രാസവ്യവസായ ശാലകൾക്കെതിരെയും ഉടൻ നടപടിയുണ്ടായി.

**ഡി–കൊളോണിയലൈസേഷൻ എന്ന സങ്കൽപ്പത്തിലൂടെ കോളനിവത്കരണം ആശ്രിതരാജ്യങ്ങളിൽ സൃഷ്ടിച്ചിരിക്കുന്ന സാംസ്കാരിക അധിനിവേശത്തെ താങ്കൾ നിരന്തരം ചോദ്യം ചെയ്യുന്നുണ്ടല്ലോ? മൾട്ടിവേഴ്സിറ്റി എന്ന വിദ്യാഭ്യാസ പരിപാടി അതിന്റെ ഭാഗമായി ആരംഭിച്ചതാണോ?**

ഡി–കൊളോണിയലൈസേഷനെക്കുറിച്ച് വനസ്സിലാകും. സ്കൂളുകളും അതുതന്നെ പിന്തുടരുന്നു. ചിന്തയിലും പ്രവർത്തിയിലും സ്വാഭാവികത നഷ്ടപ്പെട്ട് പഠനം ഒരു യാന്ത്രിക പ്രവർത്തനം മാത്രമായി മാറുന്നു. സർഗ്ഗാത്മകതയും തന്മയും നഷ്ടപ്പെട്ട്, കമ്പോളത്തിന് അനുയോജ്യരായ മത്സരാർത്ഥികളായി വിദ്യാർത്ഥികൾ നശിക്കുകയാണ്. പടിഞ്ഞാറിന്റെ വികസന മാതൃകകളെ ചോദ്യം ചെയ്യാൻ ശേഷിയില്ലാത്തവരായി നമ്മൾ മാറാൻ കാരണം ഈ ഹോമോജനൈസേഷനാണ്.

അഞ്ഞൂറിലധികം വർഷം മുമ്പ് ആരംഭിച്ച കോളനിവത്കരണ പ്രക്രിയ പല രൂപത്തിൽ ഇന്നും തുടരുകയാണ്. ഇതിനോടുള്ള പ്രതികരണമായാണ് ഡി കൊളോണിയലൈ

സേഷൻ എന്ന ചിന്തയിലേക്ക് ഞാൻ എത്തിച്ചേരുന്നത്. മൾട്ടിവേഴ്സിറ്റിയും അതിന്റെയൊരു തുടർച്ചയാണ്. 2002 ൽ ഞാൻ മലേഷ്യയിലുള്ളപ്പോഴാണ് മൾട്ടിവേഴ്സിറ്റി എന്ന ആശയത്തിന് കൂടുതൽ വ്യക്തത ലഭിക്കുന്നത്. തേഡ് വേൾഡ് നെറ്റ് വർക്കിന്റെ പ്രസിഡന്റ് ഹാജി മുഹമ്മദ് ഇദ്രിസ്സും ഇന്റർ നാഷണൽ കൺസ്യൂമർ ഓർഗനൈസേഷന്റെ പ്രസിഡന്റും ബദൽ ചിന്തകനുമായ അൻവാർ ഫസലുമായിരുന്നു പ്രചോദകർ. മൾട്ടിവേഴ്സിറ്റി എന്ന പേര് അൻവാർ ഫസലാണ് നിർദ്ദേശിക്കുന്നത്. 300 വർഷം പഴക്കം മാത്രമുള്ള അമേരിക്കക്ക് പതിനായിരക്കണക്കിന് വർഷത്തെ സംസ്കാരമുള്ള കോളനി രാജ്യങ്ങളെ ചരിത്രവും സമൂഹശാസ്ത്രവുമെല്ലാം പഠിപ്പിക്കാൻ അർഹതയില്ലെന്ന നിലപാട് ഞങ്ങൾ പൊതുവായി പങ്കുവച്ചിരുന്നു. യൂണിവേഴ്സിറ്റി പോലെ ഒരു കേന്ദ്രീകൃത സംവിധാനം മൾട്ടിവേഴ്സിറ്റിക്കില്ല. ഹോം സ്കൂളിംഗും കമ്മ്യൂണിറ്റി സ്കൂളിംഗുമെല്ലാം നിലവിൽ നടത്തുന്നവരെ കാണുകയും അവരിലൂടെ മുന്നോട്ട് പോവുകയുമാണ് ചെയ്യുന്നത്. നിലവിലെ സ്കൂളിംഗിന്റെ നിയമസാധുതയെ ചോദ്യം ചെയ്യുന്ന തരത്തിലുള്ള സാമഗ്രികൾ ലഭ്യമാക്കാനാണ് ഞങ്ങൾ പ്രധാനമായും ശ്രമിക്കുന്നത്. നിലവിലെ നിർബന്ധിത വിദ്യാഭ്യാസത്തിനെതിരായ ഒരു ചിന്താപദ്ധതി വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും രൂപപ്പെടുത്തിക്കൊണ്ടേ അതിന് കഴിയൂ. ഇന്ത്യയിൽ ഇതൊരു പുതിയ ആലോചനയല്ല. നയീതാലിമും ശാന്തിനികേതനുമെല്ലാം ഇവിടെ വർഷങ്ങൾക്ക് മുമ്പേ ഉണ്ടായിട്ടുണ്ട്.



ധവള വിപ്ലവത്തെക്കുറിച്ച് വിമർശനമുന്നയിച്ച ക്ലോഡ് അൽവാരിസിന്റെ കവർ സ്റ്റോറി, ഇല്ലസ്ട്രേറ്റ് വീക്കിലി, 1983 ഒക്ടോബർ ലക്കം.

**ഡി കൊളോണിയലൈസേഷനിൽ ഭാഷയുടെ കാര്യവും പരിഗണിക്കേണ്ടതില്ലേ? പഠനം മാതൃഭാഷയിലാകേണ്ടതിന്റെ പ്രാധാന്യത്തെ എങ്ങനെ കാണുന്നു?**

തീർച്ചയായും പഠനം മാതൃഭാഷയിലൂടെ മാത്രമെ സാധ്യമാകൂ. മാതൃഭാഷയിൽ പഠിക്കാൻ കഴിയാതെ പോയതിന്റെ പ്രശ്നം ഞാൻ ശരിക്കും മനസ്സിലാക്കിയിട്ടുണ്ട്. കൊങ്ങിണിയാണ് എന്റെ മാതൃഭാഷ. എന്നാൽ ഒരു പ്രത്യേക സ്കീമിന്റെ ഭാഗമായി ബോംബെയിലെ ഇംഗ്ലീഷ് മീഡിയം സ്കൂളിലാണ് ഞാൻ പഠിക്കാൻ നിയോഗിക്കപ്പെട്ടത്. ഇന്ത്യയിലെ ഭാഷാ വൈവിധ്യത്തെ ഉൾക്കൊള്ളാൻ കഴിയാത്ത വിധം ഇംഗ്ലീഷ് ദരിദ്രമാണെന്ന് പഠന കാലത്തുതന്നെ ഞാൻ മനസ്സിലാക്കിയിരുന്നു. ഒരു വിദേശഭാഷ എന്ന രീതിയിൽ ഇംഗ്ലീഷ് പഠിക്കുകതന്നെവേണം. എന്നാൽ ഒരിക്കലും മാതൃഭാഷയ്ക്ക് പകരം വയ്ക്കാനുള്ള ഒരു മാധ്യമമായി അതിനെ കാണരുത്. നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ ഈ പകരം വയ്ക്കലാണ് നടന്നുകൊണ്ടിരിക്കുന്നത്.

കേരളത്തിലേക്ക് ട്രെയിനിൽ വരുമ്പോൾ അതി ദയനീയമായ ഒരു കാഴ്ച ഞാൻ കണ്ടു. മലയാളികളാണെന്ന് തോന്നുന്നു, അമ്മ ഒരു ചെറിയ കുട്ടിയെ ടിങ്കിൾ ടിങ്കിൾ ലിറ്റിൽ സ്റ്റാർ എന്ന ഇംഗ്ലീഷ് നഴ്സറി ഗാനം പഠിപ്പിക്കുകയാണ്. കുട്ടി അത് വെറുതെ ആവർത്തിക്കുകയാണ്, അർത്ഥമെന്തെന്നറിയാതെ. പാട്ട് പഠിക്കുമ്പോളൊഴികെയുള്ള സമയത്തെല്ലാം അവർ മലയാളമാണ് പറയുന്നത്. ഇത്തരത്തിലുള്ള നിർബന്ധിത പഠനാഭ്യാസം കുട്ടികളുടെ മാനസിക വികാസത്തിന് വിഘാതമാകും. മാതൃഭാഷ സംസാരിക്കുന്നതിനുള്ള സ്വാഭാവിക പരിസരത്തിൽ വളരുകയും മറ്റേതോ ഭാഷ ബലപ്രയോഗത്താൽ വശത്താക്കാൻ പാടുപെടുകയും ചെയ്യുന്നത് കുട്ടികളുടെ ചിന്താശേഷിയെ തകരാറിലാക്കും. മാതൃഭാഷയിൽ ഗ്രഹിക്കാൻ കഴിയുന്നത്രയും അന്യഭാഷയിൽ കഴിയില്ലെന്നുറപ്പാണ്. അധിനിവേശ ഭാഷയോട് ഇന്ന് നമ്മൾ കാണിക്കുന്ന ഈ അഭിനിവേശം അസംബന്ധമാണ്.

**ഇംഗ്ലീഷ് ആഗോള ഭാഷയായി ആധിപത്യം സ്ഥാപിച്ചിരിക്കുന്ന ലോകത്ത് എന്താണ് ഭാ**

**ഷാ വൈവിധ്യങ്ങൾക്ക് ഇനിയുള്ള സാധ്യത? ഇംഗ്ലീഷിനെ നിരാകരിക്കുക എന്നത് എത്രത്തോളം സാധ്യമാണ്?**

ഇംഗ്ലീഷ് ഭാഷ ഒരു മേൽക്കോയ്മയ്ക്കായി ശ്രമിക്കുന്നുണ്ടെങ്കിലും പ്രാദേശികഭാഷകളുടെ സ്വഭാവികമായ ശക്തി ചോരാതെ തന്നെ നിലനിൽക്കുന്നതായാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഇന്ത്യയിലെ ബുക് സ്റ്റാളുകളിലെല്ലാം ഇപ്പോഴും ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്നത് പ്രാദേശിക ഭാഷയിലുള്ള പ്രസിദ്ധീകരണങ്ങളാണ്. ഏറ്റവും കൂടുതൽ സർക്കുലേഷനുള്ളത് പ്രാദേശികഭാഷാ പത്രങ്ങൾക്കാണ്. ചൈനീസ് ആണ് ലോകത്ത് ഏറ്റവും കൂടുതൽ പേർ സംസാരിക്കുന്ന ഭാഷ, രണ്ടാമത് ഹിന്ദിയും. മറ്റ് ഭാഷകളുടെ സാമൂഹിക പ്രാധാന്യം നഷ്ടമായിട്ടില്ല എന്നതാണ് ഇതെല്ലാം വ്യക്തമാക്കുന്നത്.

**ഇംഗ്ലീഷ് അറിയാത്തവർക്കും സ്കൂൾ വിദ്യാഭ്യാസം ലഭിക്കാത്തവർക്കും ഒന്നുമറിയില്ല എന്ന ധാരണ കൂടുതൽ പ്രബലമായിട്ടില്ലേ?**


ഒരടിസ്ഥാനവുമില്ലാത്ത ധാരണയാണത്. 1976 മുതൽ ഞാൻ പ്രാഥമിക വിദ്യാഭ്യാസം പോലും ലഭിച്ചിട്ടില്ലാത്ത കർഷകർക്കൊപ്പമാണ് താമസിക്കുന്നത്. വിദ്യാഭ്യാസം നേടിയവർക്കുണ്ടെന്ന് പറയപ്പെടുന്ന അറിവുകളേക്കാൾ എത്രയോ അധികമാണ് ഈ ഗ്രാമീണരുടെ അറിവുകൾ. ഇവരുമൊത്തുള്ള സഹവാസവും നിലവിലെ വിദ്യാഭ്യാസത്തെ ഞാൻ അവിശ്വസിക്കുന്നതിന് കാരണമായിത്തീർന്നിട്ടുണ്ട്. ഗോവയിലെ ഒരു കോളേജിലെ ബോട്ടണി ഡിപ്പാർട്ട്മെന്റിൽ ഒരു സെമിനാറിൽ പങ്കെടുക്കാൻ പോയപ്പോഴുണ്ടായ അനുഭവം അത് കൂടുതൽ വ്യക്തമാക്കും. ടെക്സ്റ്റ് ബുക്കിൽ പറഞ്ഞിട്ടില്ലാത്ത ഒരൊറ്റ ചെടിപോലും അറിയാത്ത കുട്ടികളെക്കണ്ട് എനിക്ക് സങ്കടം വന്നു. പലതരം ചെടികളുടെ പേരുകൾ അവർ കംപ്യൂട്ടറിൽ എന്റർ ചെയ്തിട്ടുണ്ട്. പക്ഷെ ക്ലാസ് മുറിക്ക് പുറത്ത് നിൽക്കുന്ന പല ചെടികളും തിരിച്ചറിയുന്നതിൽ അവർ പരാജയപ്പെട്ടു. അതിലും ഭേദം എന്റെ ഗ്രാമീണരാണ്. ഗ്രാമത്തിലുള്ള ചെടികളെന്തെല്ലാമാണെന്നും ഓരോന്നിന്റെയും പ്രാധാന്യമെന്താണെന്നും അവർക്ക് നന്നായറിയാം.

**ഗ്രാമങ്ങളിലുള്ള കർഷക-ആദിവാസി ജനസമൂഹത്തിന്റെ ഈ ഔന്നത്യത്തെ ഒരിക്കലും മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലാത്ത ഒരു ഭരണകൂടമാണ് നമുക്കുള്ളത്. നാടുമായി ബന്ധമില്ലാത്ത, ഇറക്കുമതി ചെയ്യപ്പെട്ട വികസന പരിപാടികളുമായി സർക്കാർ ഗ്രാമങ്ങളിലേക്ക് അതിക്രമിച്ചുകയറുന്നത് അതുകൊണ്ടല്ലേ?**

നമ്മുടെ ഭരണകൂടം ഒരു ജൈവിക സ്വഭാവമുള്ള സ്ഥാപനമല്ല. ഇന്ത്യയുടെ മൗലികമായ ചിന്തകൾ പേറുന്ന തലച്ചോറുകളിൽ നിന്നല്ല അത് രൂപം കൊണ്ടിട്ടുള്ളത്. പടിഞ്ഞാറിന്റെ വികസന മാതൃകകളെയാണ് അത് തുടക്കം മുതൽ പിന്തുടരുന്നത്. വികസനത്തെ ഒരു സ്വാഭാവിക പ്രതിഭാസമായല്ല അത് മനസ്സിലാക്കിയിരിക്കുന്നത്. ഇവർ വേണ്ടത്ര വികസിച്ചിട്ടില്ല എന്ന് തീരുമാനിച്ചുറപ്പിച്ച് വികസനം ചിലരുടെ മേൽ അടിച്ചേൽപ്പിക്കുകയാണ്. വികസനമെന്ന നൈസർഗിക പ്രതിഭാസത്തെ കൃത്രിമത്വം കൊണ്ട് പകരം വയ്ക്കാനാണ് അവർ ശ്രമിക്കുന്നത്. രാസവളത്തിന്റെ കാര്യം തന്നെയെടുക്കാം. ചെടിക്ക് വേണ്ട പോഷണം മണ്ണിലുള്ള സൂക്ഷ്മാണുക്കൾ നൽകുന്ന ജൈവീകമായ സംവിധാനം ഭൂമിയിൽ നിലനിൽക്കുന്നുണ്ട്. അന്തരീക്ഷവായുവും വളർച്ചയ്ക്ക് ആവശ്യമായ മൂലകങ്ങൾ പ്രധാനം ചെയ്യുന്നുണ്ട്. രാസവളങ്ങൾ ഈ പ്രാപഞ്ചിക പ്രതിഭാസത്തെ കൃത്രിമമായി പകരം വയ്ക്കുന്നതിനാണ് ശ്രമിക്കുന്നത്. പുതിയതായൊന്നും അത് ചെയ്യുന്നില്ല. പ്രകൃതിയുടെ സ്വാഭാവിക ശേഷിയെ നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. പ്രകൃതി ദരിദ്രമാവുകയും മനുഷ്യൻ സമ്പന്നനാകുകയും ചെയ്യുന്ന ഈ വികസന മാതൃകയാണ് ഇന്ന് എല്ലായിടത്തും അടിച്ചേൽപ്പിക്കപ്പെടുന്നത്. ഗ്രാമീണ ജനതയുടെ ജ്ഞാനത്തെ ഭരണകൂടത്തിന് മനസ്സിലാക്കാൻ കഴിയാതെ പോകുന്നത് അതുകൊണ്ടാണ്. വൈദേശിക യുക്തിക്കനുസരിച്ചാണ് അതിന്റെ വ്യവഹാരങ്ങൾ നടക്കുന്നത്.

**കൃഷിയെക്കുറിച്ചുള്ള ഡോ. ആർ.എച്ച്. റിച്ചാറിയയുടെ മാതൃകകൾ നന്നായി മനസ്സിലാക്കിയിട്ടുള്ള ആളാണ് താങ്കൾ. എന്നാൽ ആദ്യമായി താങ്കൾ തന്നെ വിമർശനമുന്നയിച്ച എം.എസ്. സ്വാമിനാഥൻ മോഡലാണ് ഇന്ത്യൻ കാർഷിക രംഗത്ത് പിന്നീട് പരീക്ഷപ്പെട്ടത്. എന്തായിരുന്നു ഈ മോഡലുകൾ തമ്മിലുള്ള വ്യത്യാസം. സ്വാമിനാഥൻ മോഡലിനെക്കുറിച്ച് ദ ഗ്രേറ്റ് ജീൻ റോബറി എന്ന ലേഖനത്തിൽ താങ്കൾ ഉന്നയിച്ച വിമർശനത്തോട് അദ്ദേഹം പ്രതികരിച്ചിട്ടുണ്ടോ?**

സ്വാമിനാഥൻ അത്തരത്തിലുള്ള ഒരാളല്ല. എപ്പോഴും അധികാര വർഗ്ഗത്തിന്റെ തണലിൽ നിൽക്കാൻ ആഗ്രഹിക്കുന്ന ശാസ്ത്രജ്ഞനാ



ക്ലോഡ് അൽവാരിസ് കേരളീയം ബിജു.എസ്. ബാലൻ അനുസ്മരണ പ്രഭാഷണം നടത്തുന്നു.

ഗ്രാമീണ ജനതയുടെ ജ്ഞാനത്തെ ഭരണകൂടത്തിന് മനസ്സിലാക്കാൻ കഴിയാതെ പോകുന്നത് അതുകൊണ്ടാണ്. വൈദേശിക യുക്തിക്കനുസരിച്ചാണ് അതിന്റെ വ്യവഹാരങ്ങൾ നടക്കുന്നത്.

ണ് അദ്ദേഹം. സ്വജീവിതവിജയം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഒരാളാണ് സ്വാമിനാഥൻ എന്ന് അദ്ദേഹത്തിന്റെ ഔദ്യോഗിക ജീവിതം പരിശോധിച്ചാൽ വ്യക്തമാകും. കൃഷിയല്ല, ഉദ്യോഗവും പദവിയും സമ്പത്തുമാണ് മുഖ്യമെന്ന് ചിന്തിക്കുന്ന ഒരാളിൽ നിന്നും ഇതേ പ്രതീക്ഷിക്കാനാകൂ. ഇന്ദിരാ ഗാന്ധിയുമായി അടുത്ത ബന്ധം പുലർത്താൻ സ്വാമിനാഥൻ ശ്രദ്ധിച്ചിരുന്നു. പരമ്പരാഗത നെൽവിത്തിനങ്ങൾ കൊടുത്തിട്ട് ഫിലിപ്പൈൻസിലെ ഇന്റർനാഷണൽ റൈസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും സങ്കരയിനം നെൽവിത്തുകൾ ഇന്ത്യയിലേക്ക് കൊണ്ടുവരണമെന്ന നയം ഇന്ദിരാ സർക്കാർ എടുക്കുന്നതിന് പിന്നിൽ ഇവരുടെ സൗഹൃദവും കാരണമായിട്ടുണ്ട്.

കാർഷിക മേഖലയെ കുത്തകവത്കരിക്കുന്നതിനുള്ള അന്താരാഷ്ട്ര ശൃംഖലയിലെ ഒരു കണ്ണിയാണ് സ്വാമിനാഥൻ. പാലിലുള്ളത്രയും ലൈസീൻ കണ്ടന്റുള്ള ഗോതമ്പ് വിത്ത് വികസിപ്പിച്ചെടുത്തതിനാണ് സ്വാമിനാഥന് മാഗ്സസെ അവാർഡ് കിട്ടുന്നത്. ഫോർഡ് ഫൗണ്ടേഷൻ സാമ്പത്തിക സഹായം നൽകിയിരുന്ന ഒരു പദ്ധതിയുടെ ഭാഗമായാണ് ആ പരീക്ഷണം നടന്നത്. റോക്ക്ഫെല്ലർ ഫൗണ്ടേഷനാണ് മാഗ്സസെ അവാർഡിന് ഫണ്ട് ചെയ്യുന്നത്. ഇന്റർ നാഷണൽ റൈസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഉൾപ്പെടെയുള്ള നിരവധി വിദേശ സ്ഥാപനങ്ങളിൽ സ്വാമിനാഥൻ പങ്കാളിയായിട്ടുണ്ട്. ഇതെല്ലാം പരിശോധിക്കുമ്പോൾ അന്താരാഷ്ട്ര ഹരിതവിപ്ലവ ലോബിയുടെ ഒരാളാണെന്ന് അദ്ദേഹമെന്ന് വ്യക്തമാകും.

റിച്ചാറിയ നേരെ വിപരീതമായ രീതിയിലാണ് സഞ്ചരിച്ചിരുന്നത്. തന്റെ ശാസ്ത്രത്തെക്കുറിച്ച് നിരന്തരം ആകുലപ്പെടുകയും സാധാരണ കർഷകരുമായുള്ള ബന്ധത്തിലൂടെ ശാസ്ത്രീയ നിരീക്ഷണങ്ങളെ ജൈവീകമാക്കാൻ ശ്രമിക്കുകയും ചെയ്തയാളാണ് അദ്ദേഹം. സ്വാമിനാഥൻ ഇപ്പോൾ ജൈവകൃഷിയെക്കുറിച്ച് സംസാരിക്കുന്നുണ്ട്. പഴയ സംശയം മാറാത്തതിനാൽ എന്തായിരിക്കാം കാര്യമെന്ന് ഞാൻ പരിശോധിച്ചു. ജൈവകൃഷിയിലൂടെ വികസിപ്പിച്ച ഉത്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനായി 2006ൽ സർക്കാർ അനുമതി നൽകിയ സംഘങ്ങളുടെ കൂട്ടത്തിൽ സ്വാമിനാഥന്റെ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമുണ്ട്. ജൈവകൃഷിയെക്കുറിച്ച് ഇനി സംസാരിച്ചാൽ സാമ്പത്തിക മെച്ചമുണ്ടാകുമെന്ന് അദ്ദേഹത്തിന് മനസ്സിലായിട്ടുണ്ട്.

**ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കുന്നതിനായി താങ്കൾ ശക്തമായി വാദിക്കുകയും ഹരിത ട്രിബ്യൂണലിൽ ഗോവാ ഫൗണ്ടേഷൻ കേസ് നടത്തുകയും ചെയ്യുന്നുണ്ട്. ഇത്രയും ആത്മവിശ്വാസത്തോടെ ഗാഡ്ഗിൽ റിപ്പോർട്ടിനെ പിന്തുണയ്ക്കാൻ കാരണമെന്താണ്? ജനാധിപത്യപരമായി റിപ്പോർട്ട് തയ്യാറാക്കാൻ ഗാഡ്ഗിൽ കമ്മറ്റിക്ക് കഴിഞ്ഞതായി താങ്കൾ കരുതുന്നുണ്ടോ?**

തീർച്ചയായും ജനാധിപത്യപരമായ സമീപനമാണ് ഗാഡ്ഗിൽ റിപ്പോർട്ട് മുന്നോട്ട് വച്ചിരിക്കുന്നത്. തുറന്നരീതിയിലുള്ള സംവാദങ്ങൾ റിപ്പോർട്ട് തന്നെ ആവശ്യപ്പെടുന്നുണ്ട്. പരിസ്ഥിതി ലോല പ്രദേശങ്ങളുടെ നിർണ്ണയത്തെയും പരിപാലനത്തെയും കുറിച്ചുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ച പ്രണാബ് സെൻ കമ്മിറ്റി മുന്നോട്ട് വച്ച ഘടകങ്ങളെ കൂടുതൽ വികസിപ്പിക്കാൻ കഴിഞ്ഞു എന്നതാണ് ഗാഡ്ഗിൽ റിപ്പോർട്ടിന്റെ പ്രധാന മേന്മ. സമസ്ത മേഖലകളെയും ഏകോപിപ്പിച്ച്, പശ്ചിമഘട്ടത്തെ ഒറ്റ യൂണിറ്റായി പരിഗണിച്ചപ്പോ

ഴും ഓരോ പ്രദേശത്തിന്റെയും സവിശേഷതയ്ക്കനുസരിച്ച് മാനദണ്ഡങ്ങൾ നിശ്ചയിക്കാനുള്ള സാധ്യതയും ഗാഡ്ഗിൽ റിപ്പോർട്ട് തരുന്നുണ്ട്. ഇ.എസ്.എയെ പല സോണുകളായി തിരിച്ചതെല്ലാം അതിന്റെ ഭാഗമായാണ്. അത്തരം തീരുമാനങ്ങൾ ഗ്രാമസഭകൾക്ക് കൈക്കൊള്ളാം. പട്ടയം പ്രശ്നം പരിഗണിച്ചില്ല എന്ന പേരിലാണ് കേരളത്തിൽ നിന്നും വ്യാപകമായ എതിർപ്പുകളുണ്ടായത്. ഗാഡ്ഗിൽ കമ്മിറ്റിയുടെ പരിധിയിൽ വരുന്ന ഒരു വിഷയമല്ല അത്. വനസംരക്ഷണ നിയമവുമായി ബന്ധപ്പെട്ടതാണ് ഇടുക്കിയിലെ പട്ടയ പ്രശ്നം. വനത്തിന്റെ പദവിയുമായി ബന്ധപ്പെട്ട വിഷയമാണത്. കേന്ദ്ര സർക്കാറാണ് അക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്.

ജനങ്ങൾക്ക് തീരുമാനമെടുക്കാനുള്ള വിവരമുണ്ടോ എന്നായിരുന്നു കസ്തൂരിരംഗൻ കമ്മിറ്റിയുടെ സമീപനം. നമ്മൾ മുമ്പ് സംസാരിച്ച കൊളോണിയൽ ജ്ഞാനസമ്പ്രദായത്തിന്റെ ഭാഗമായി വരുന്ന സംശയമാണത്. എന്നാൽ ഗാഡ്ഗിലിന് ജനങ്ങൾ തന്നെയാണ് തീരുമാനിക്കേണ്ടത് എന്ന കാര്യത്തിൽ ഉറപ്പുണ്ടായിരുന്നു. തീരുമാനങ്ങൾ അടിച്ചേൽപ്പിക്കപ്പെടേണ്ടതല്ല എന്നതിൽ അദ്ദേഹത്തിന് വ്യക്തതയുണ്ട്. തീരുമാനങ്ങളെടുക്കുന്നതിനുള്ള, പറയപ്പെടുന്ന ധാരണകൾ ഗ്രാമസഭകൾക്ക് കുറവായിരിക്കാം. അതിനർത്ഥം എല്ലാം നമുക്കുതന്നെ അങ്ങ് തീരുമാനിച്ചുകളയാം എന്നല്ല. ഗ്രാമസഭകളെ തീരുമാനമെടുക്കുന്നതിനുള്ള ശേഷിയിലേക്ക് എത്തിക്കണം.

കടുവാ സങ്കേതങ്ങളെപ്പോലെ അടച്ചുകെട്ടി സംരക്ഷിക്കുക എന്ന രീതിയല്ല ഇ.എസ്.എകൾക്കായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ജനങ്ങളുടെ പങ്കാളിത്തമാണ് സംരക്ഷണ പ്രവർത്തനങ്ങളിൽ ഇ.എസ്.എ ആവശ്യപ്പെടുന്നത്. ഗാഡ്ഗിൽ റിപ്പോർട്ട് മുന്നോട്ട് വച്ചതാണ് അതിന് ഫലപ്രദമായ രീതി.

**പക്ഷെ പശ്ചിമഘട്ട അതോറിറ്റി എന്ന പേരിൽ ഗാഡ്ഗിൽ റിപ്പോർട്ട് നിർദ്ദേശിക്കുന്നത് തീർത്തും ബ്യൂറോക്രാറ്റിക്ക് ആയ ഒരു സംവിധാനമല്ലേ?**

ഗാഡ്ഗിൽ റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങളെല്ലാം ശുപാർശകളാണ്. നമുക്ക് വേണമെങ്കിലും അതിൽ ഇടപെട്ട് തിരുത്താൻ സാഹചര്യമുണ്ടായിരുന്നു. സർക്കാറും ഈ ശുപാർശകൾ ഇതുപോലെ സ്വീകരിക്കാൻ സാധ്യതയില്ല. ഗാഡ്ഗിൽ റിപ്പോർട്ടിലെ പോരായ്മകൾ തിരുത്തുന്നതിനായി നമുക്ക് വാദിക്കാം. ഒപ്പം അവശ്യമായ കാര്യങ്ങൾ സർക്കാർ തിരുത്താതിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്യാം.

**ഗ്രാമസഭകൾക്ക് തീരുമാനമെടുക്കാനുള്ള അവകാശം ലഭിക്കേണ്ടത് പശ്ചിമഘട്ട മേഖലയിൽ മാത്രമല്ലല്ലോ. അതുപോലെ പാരിസ്ഥിതികമായി ദുർബലമായ പ്രദേശങ്ങൾ ഇവിടെയുണ്ട്. നീർത്തടങ്ങളും ഇടനാടൻ ചെങ്കൽക്കുന്നുകളുമെല്ലാം സമാനമായ നാശത്തെ അഭിമുഖീകരിക്കുകയാണ്. അവിടെ ഗ്രാമസഭകൾക്ക് നിർണ്ണായക പങ്കാളിത്തം വേണ്ടതല്ലേ?**

1993ൽ 73, 74 ഭരണഘടനാ ഭേദഗതികൾ വന്നതോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാ പദവി ലഭിക്കുകയും കുറേ അധികാരങ്ങൾ വികേന്ദ്രീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കേന്ദ്രീകൃത സ്വഭാവമുള്ള രാഷ്ട്രീയ പാർട്ടികൾ ആ രീതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിൽ വേണ്ടത്ര ശ്രമിച്ചിട്ടില്ല. അതുകൊണ്ടാണ് അധികാരം ഫലപ്രദമായി പ്രയോഗിക്കപ്പെടാതെ പോകുന്നത്. വേദാന്ത കമ്പനി വേണ്ടതില്ല എന്ന് തീരുമാനിച്ചത് 12 ഗ്രാമസഭകളുടെ പ്രമേയമാണ്. ഗോവയിൽ ഡ്യൂപോണ്ട് കെമിക്കൽ ഫാക്ടറി തങ്ങളുടെ നാട്ടിൽ വേണ്ടെന്ന് തീരുമാനിച്ചത് ഒരു ഗ്രാമപഞ്ചായത്താണ്. ഇത്തരത്തിലുള്ള ഒറ്റപ്പെട്ട ഉദാഹരണങ്ങൾ നമുക്ക് കാണാൻ കഴിയും. അധികാരം ഉപയോഗിക്കുന്നതിനുള്ള കരുത്ത് ഗ്രാമസഭകൾ ആർജ്ജിക്കേണ്ടതുണ്ട്. നിയമത്തിൽ ഇനിയും ഭേദഗതികൾ വേണമെങ്കിൽ അതും പരിഗണിക്കപ്പെടണം.

**മോദി പ്രധാനമന്ത്രിയായതോടെ, വികേന്ദ്രീകൃത അധികാരം എന്നത് ജനാധിപത്യത്തെക്കുറിച്ചുള്ള ഒരു ഉയർന്ന സങ്കൽപ്പം മാത്രമായി കടലാസിൽത്തന്നെ ഇരിക്കാനാണോ സാധ്യത?**

മോദി സർക്കാർ അധികാരത്തിലെത്തിയ രീതി തന്നെ നമ്മുടെ ജനാധിപത്യത്തിന് ഒരു കളങ്കമാണ്. 31 ശതമാനം മാത്രം വോട്ടു നേടിയാണ് മോദി പ്രധാനമന്ത്രിയായിരിക്കുന്നത്. കൊട്ടിഘോഷിക്കപ്പെടുന്ന ഇന്ത്യൻ ജനാധിപത്യത്തിന്റെ അന്തഃസത്തയെത്തന്നെ ചോദ്യം ചെയ്യുന്ന വസ്തുതയാണിത്. അതിൽപ്പോലും തിരുത്തലുകൾ വരേണ്ടതുണ്ട്. ഭരണത്തെ കൂടുതൽ കേന്ദ്രീകരിക്കാൻ ശ്രമിക്കുന്ന മോദിയെപ്പോലുള്ളവർ വരുമ്പോൾ തദ്ദേശീയ ഭരണനിർവഹണത്തിൽ ഇടപെട്ടുകൊണ്ട് അതിനെ ശക്തിപ്പെടുത്താൻ ബോധപൂർവ്വം ശ്രമിക്കേണ്ടതുണ്ട്. ■